റേഷൻ വിതരണം കാര്യക്ഷമമാക്കൽ

239 (1323) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ വകുപ്പിൽ ഐൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന റേഷൻ സാധനങ്ങൾ എത്തിക്കും. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥ തലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്കവിധം ട്രാൻസ്പെരൻസി പോർട്ടൽ സജ്ജമാകുകയും ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനം നിലവിൽ വരുകയും ചെയ്യും. ഓരോ മേഖലയിലേയും സ്റ്റോക്കിന്റെ സ്ഥിതി, റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവ പോർട്ടലിലൂടെ തത്സമയം അറിയുന്നതിനായി ഒരു ഡിസിഷൻ സപ്പോർട്ട് സിസ്റ്റം നിലവിൽ വരികയും ഇപ്രകാരം സുതാര്യമായ ഒരു പൊതുവിതരണ സംവിധാനം നടപ്പിലാക്കുകയും ചെയ്യും.

(ബി) പ്രധാനമായും 4 ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

1. ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുക.

2. റേഷൻകടകളിൽ നേരിട്ട് റേഷൻ സാധനങ്ങൾ എത്തിക്കുന്നതിന് ഡോർ ഡെലിവറി സംവിധാനം നടപ്പാക്കുകയും അതോടനുബന്ധിച്ച് സപ്ലൈ ചെയിൻ മാനേജ്മെന്റ് സംവിധാനം നടപ്പാക്കുകയും ചെയ്യുക.

3. റേഷൻ കടകളിൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) സ്ഥാപിച്ച് കമ്പ്യൂട്ടർവൽക്കരിക്കുക.

4. സുതാര്യമായ പരാതി പരിഹാര സംവിധാനം സ്ഥാപിക്കുകയും സുതാര്യമായ പോർട്ടൽ സ്ഥാപിക്കുകയും ചെയ്യുക.

(സി) പദ്ധതി നടപ്പാക്കുന്നതിനായിട്ടാണ് ചീഫ് സെക്രട്ടറി തലത്തിൽ അപ്പെക്സ് കമ്മിറ്റി, ഭക്ഷ്യ വകുപ്പ് സെക്രട്ടറി തലത്തിൽ സ്പെഷ്യൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ടീം, സിവിൽ സപ്ലൈസ് കമ്മീഷണർ തലത്തിൽ ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിക്കുകയും കൂടാതെ ഒരു പ്രോജക്ട് ഇംപ്ലിമെന്റിംഗ് യൂണിറ്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഡാറ്റാ ബേസ് കൈകാര്യം ചെയ്യുന്നതിന് ഒരു Postgre SQL ഡാറ്റാബേസ് വിദഗ്ധനെയും ഒരു സിസ്റ്റം അഡ്മിനിസ്ട്രേറ്ററേയും നിയമിക്കുകയും സിസ്റ്റം ഇന്റഗ്രേറ്ററായി കെൽട്രോണിനെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലും കമ്പ്യൂട്ടറുകളും നെറ്റ്വർക്കും ലഭ്യമാക്കുകയും തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ ഏതാനും കടകളിൽ മോഡൽ പൈലറ്റ് പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ നടപടി

240 (1324) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ വിവിധ പാടശേഖരങ്ങളിലെ നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിവിൽസപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്നും പാടശേഖരങ്ങളിൽ നിന്നും നെല്ല് സംഭരിക്കുന്നതിന്റെ മാനദണ്ഡമെന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) ഒരു ക്വിന്റൽ നെല്ലിന് എത്രകിലോ നെല്ല് അധികമായി കർഷകരിൽ നിന്നും പാടശേഖരങ്ങളിൽ നിന്നും സംഭരിക്കുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly